# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1693** **5/12/2014** ൽ മറുപടിയ്ക്ക്

## റബ്ബർ സംഭരണ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. രാജു എബ്രഹാം | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ച റബ്ബർ സംഭരണ നടപടികളെ കുറിച്ച് വിശദമാക്കാമോ; | (എ) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നു നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25/2/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്, റബ്ബർബോർഡിന് കീഴിലുള്ള റബ്ബർ പ്രൊഡ്യൂസേഴ്സ് കമ്പനികൾ എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തുന്നത്. ഒന്നാം ഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തത്തക്ക വിധം കിലോയ്ക്ക് 6 രൂപ കൈകാര്യച്ചെലവായി സംഭരണ ഏജൻസികൾക്ക് അനുവദിക്കുകയും ഇതിനായി കൃഷി സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും സംഭരണത്തിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) |

| | | | |
|---|---|---|---|
| | | | റബ്ബർ സംഭരണം അടിയന്തിരമായി പുനരാരംഭിക്കുവാനായി 5 കോടി രൂപ വീതം 2435-01-101-85-വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ എസ് എസ് 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13/10/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 232/2014/കൃഷി പ്രകാരം ആർ എസ് എസ് 5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽ നിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6/11/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽ നിന്നും കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകി ആർ എസ് എസ് 4, ആർ എസ് എസ് 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാർ പ്രഖ്യാപിച്ച റബ്ബർ സംഭരണം ഏതെല്ലാം ഏജൻസികളെയാണ് ഏൽപ്പിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (ബി) | റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്, റബ്ബർ ബോർഡിന് കീഴിലുള്ള റബ്ബർ പ്രൊഡ്യൂസർ കമ്പിനികൾ എന്നീ ഏജൻസികളെയാണ് റബ്ബർ സംഭരണം ഏൽപ്പിച്ചിരിക്കുന്നത് |

| | | | |
|---|---|---|---|
| (സി) | റബ്ബർ സംഭരണം ഏതെങ്കിലും തരത്തിൽ വിപണിയിൽ ചലനം സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | റബ്ബർ സംഭരണം മൂലം കർഷകർക്ക് ന്യായമായ വില ലഭിക്കാൻ കഴിഞ്ഞു. വിപണി വില ഒരു പരിധി വരെ നിയന്ത്രിയ്ക്കുവാൻ കഴിഞ്ഞെങ്കിലും അന്താ:രാഷ്ട്ര വിപണിയിലെ വിലയിടിവ് മൂലം കാര്യമായ ചലനം വിപണിയിൽ ഉണ്ടായിട്ടില്ല. |
| (ഡി) | സംഭരണ നടപടികൾക്കായി ഖജനാവിൽനിന്നും നാളിതുവരെ ചെലവാക്കിയ തുക സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കാമോ? | (ഡി) | കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തിരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2013 - 14 ൽ വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) 4 കോടി രൂപ കൃഷി വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 23/10/2014 ലെ സ.ഉ (സാധാ) നം.576/2014/സഹ പ്രകാരം 5 കോടി രൂപ സംഭരണ ഏജൻസികൾക്ക് സഹകരണ വകുപ്പ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ